LIBRARY ARCHIVES Kerala Legislative Assembly

മലങ്കര ഡാമിന്റെ റൂൾ കർവ്

116(621) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലങ്കര ഡാമിന്റെ റൂൾ കർവ് നിലവിലുണ്ടോ എന്നറിയിക്കുമോ?

മൂലമറ്റം പവർഹൗസിൽനിന്നും വൈദ്യുതോല്പാദനത്തിനുശേഷം പുറന്തള്ളുന്ന ജലമാണ് മലങ്കര ഡാമിലേയ്ക്ക് ഒഴുകിയെത്തുന്നത്. ആയതിനാൽ റൂൾ കർവ് ബാധകമല്ല.

(ബി) ഉണ്ടെങ്കിൽ മഴ സമയത്ത് ജലനിരപ്പ് എത്ര അടിയായാണ് നില നിർത്തേണ്ടതെന്ന് അറിയിക്കുമോ; ആയത് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മഴസമയത്ത് ജലനിരപ്പ് 39.5 മീ. ആയി ക്രമീകരിച്ചിരിക്കുന്നു. First warning level - 40.70 m (blue alert), Second warning level - 41.00 m (Orange alert), Third warning level - 41.3 m (Red alert) എന്നിവയാണ് നിലവിലെ warning ലെവലുകൾ. ഡാമിന്റെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ട ജില്ലാ അധികാരികളിൽനിന്നും അനുവാദം ലഭ്യമാക്കിയതിനുശേഷം പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ട് ഡാമിന്റെ ഷട്ടറുകൾ തുറക്കുന്നു.

മുല്ലപ്പെരിയാർ ഡാം

117(622) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ബലം ഉന്നതാധികാര സമിതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ?

ഉണ്ട്. 18-2-2010-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം നിയോഗിക്കപ്പെട്ട ഉന്നതാധികാരസമിതി (Empowered Committee), കേന്ദ്രജലകമ്മീഷൻ (CWC), സെൻട്രൽ സോയിൽ ആൻഡ് മെറ്റീരിയൽസ് റിസർച്ച് സ്റ്റേഷൻ (CSMRS), സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS), IMD, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, കൂടാതെ മറ്റ് വിദഗ്ധ ഏജൻസികൾ എന്നിവ മുഖേന ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച് സ്വതന്ത്രമായ അന്വേഷണങ്ങളും ടെസ്റ്റുകളും പഠനങ്ങളും നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹൈഡ്രോളജിക്കൽ സുരക്ഷയെ സംബന്ധിച്ച്, ഡാമിന്റെ സാധ്യമായ ഉയർന്ന വെള്ളപ്പൊക്കനിയന്ത്രണ രേഖ (PMF) നിർണ്ണയിക്കുവാനും ഡാമിന്റെ എമർജൻസി പ്ലാൻ ഇനൻഡേഷൻ മാപ്സ് (Inundation maps) എന്നിവ തയ്യാറാക്കുന്നതുമായും ബന്ധപ്പെട്ട് മുല്ലപ്പെരിയാർ മുതൽ ഇടുക്കി വരെയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡാം ബ്രേക്ക് ഫ്ലഡ് പഠനങ്ങൾ, ഡാമിന്റെ സംഭരണ നഷ്ടം വിലയിരുത്തുവാനുള്ള റിസർവോയർ സെഡിമെന്റേഷൻ സർവേ തുടങ്ങിയവ നടത്തുകയും, ഡാമിന്റെ ഘടനപരമായ സുരക്ഷിതത്വത്തെ സംബന്ധിച്ച്, ഡാമിന്റെ അപ്സ്ട്രീം മുഖത്തുള്ള വിള്ളലുകൾ, പൊള്ളകൾ, ശൂന്യതകൾ, ജോയിന്റുകൾ എന്നിവ കണ്ടുപിടിക്കാനായി ഫോട്ടോഗ്രാഫിയും റിമോട്ട് ഓപ്പറേറ്റിംഗ് വെഹിക്കിൾ മുഖേനയും അന്വേഷണങ്ങൾ നടത്തുകയുമുണ്ടായി. കൂടാതെ ഡാമിന്റെ സീപ്പേജ്, ലൈം കണ്ടന്റ് എന്നിവയെ സംബന്ധിച്ചും, അതിന്റെ ബോഡിയിലും ഫൗണ്ടേഷനിലും ഉപയോഗിച്ച മെറ്റീരിയലുകളുടെ ശക്തിയും സമഗ്രതയും കണ്ടെത്തുവാനുള്ള ഇൻസിറ്റു (in-situ) & എക്സിറ്റു (ex-situ) ടെസ്റ്റുകളും ഡാമിന്റെ സീസ്മിക് സേഫ്റ്റിയെ സംബന്ധിച്ച ഫൈനൈറ്റ് എലമെന്റ് മെത്തേഡ് അനാലിസിസും നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ബേബി ഡാമിന്റെ പരിസരത്ത് ജിയോളജിക് ഫാൾട്ടിന്റെ അസ്തിത്വം ഉണ്ടോയെന്ന് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്കകൾ, ഉൾപ്പെടെ ഡാം ഹൈഡ്രോളജിക്കലായും ഭൂകമ്പപരമായും ഘടനാപരമായും സുരക്ഷിതമല്ല എന്ന വസ്തുത ഉന്നതാധികാരസമിതി മുൻപാകെ കേരളം സമർപ്പിച്ചിരുന്നുവെങ്കിലും, ഉന്നതാധികാര സമിതി നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഡാം ഈ മൂന്ന് തരത്തിലും സുരക്ഷിതമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ബേബി ഡാമും ഘടനാപരമായി സുരക്ഷിതമാണെന്ന് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. എങ്കിലും ആരുടേയും നിയന്ത്രണത്തിനതീതമായ കാരണങ്ങളാൽ ഭാവിയിൽ ചില സമയങ്ങളിൽ ഡാമിന് ബലക്ഷയം സംഭവിക്കാനുള്ള സാധ്യത തള്ളിക്കളയുവാനുള്ളതല്ലയെന്നും ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ, സൗഹാർദപരമായ തീർപ്പിൽ രണ്ട് സംസ്ഥാനങ്ങളും എത്തുന്ന മുറയ്ക്ക് ചില നിബന്ധനകളോടെ കേരളത്തിന് പുതിയ അണക്കെട്ട് നിർമ്മിക്കാം എന്നും അല്ലെങ്കിൽ 106.5 അടി ഉയരം വരെയുള്ള സംഭരണിയിലെ ജലം വിനിയോഗിക്കുന്നതിന് തമിഴ്നാടിന് 50 അടിയിൽ പുതിയൊരു തുരങ്കം നിർമ്മിക്കാമെന്നും Empowered Committee നിർദ്ദേശിക്കുകയുണ്ടായി.

(ബി) പ്രസ്തുത ഡാമിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) സാധ്യതാപഠനം നടത്തുന്നതിനെതിരെ സുപ്രീംകോടതിയിൽ നിലനിന്ന കേസിൽ സംസ്ഥാനത്തിന് അനുകൂലമായ വിധി ഉണ്ടായ സാഹചര്യത്തിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള തീരുമാനം ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള അനുമതിക്കായുള്ള നടപടി കേരളം സ്വീകരിച്ച് വരുന്നു പുതിയ അണക്കെട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, പെരിയാർ കടുവ സങ്കേത മേഖലയിൽ ആയതിനാൽ പാരിസ്ഥിതികാനുമതി (Environmental Clearance), ഫോറസ്റ്റ് ക്ലിയറൻസ്, വൈൽഡ് ലൈഫ് ക്ലിയറൻസ്, ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ ക്ലിയറൻസ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയെന്ന നിലക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്രപരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന മന്ത്രാലയം 2018 സെപ്റ്റംബർ 14-ന് പരിസ്ഥിതി ആഘാതപഠന (EIA) ത്തിനുള്ള Terms of Reference (TOR)-നുള്ള അംഗീകാരം നിബന്ധനകളോടെ നൽകുകയുണ്ടായി. EIA പഠനം പുരോഗമിച്ചുവരുന്നു .

ചെറുകിട ജലസേചന പദ്ധതികൾ

118(623) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുഴകളിൽ ചെറുകിട ജലസേചന പദ്ധതികൾ (ചെക്ക് ഡാം) നടപ്പിലാക്കുന്നതിനുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയം മുഖേന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുഴകളിൽ ചെറുകിട ജലസേചന പദ്ധതികൾ (ചെക്ക് ഡാം) നടപ്പിലാക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയിൽ തടയണ നിർമ്മിക്കുന്നതിനായി വാമനപുരം പഞ്ചായത്തിൽ കാരേറ്റ് പാലത്തിന് മുകൾവശത്ത് 4.78 ലക്ഷം രൂപയുടേയും പുല്ലാമ്പാറ പഞ്ചായത്തിൽ അരുവിപ്പുറം പാലത്തിന് താഴ്ഭാഗത്ത് 4.98 ലക്ഷം രൂപയുടെയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly